(ഡി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

(എ-ഡി) ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി മിഷൻ രീതിയിൽ നടപ്പാക്കുന്നതിനും സംസ്ഥാനതല ഏകോപനം നടത്തുന്നതിനും 30-7-2021-ലെ സ.ഉ.(സാധാ) നമ്പർ 983/2021/ ഉ.വി.വ. പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു മാർഗ്ഗരേഖ രൂപീകരിച്ച് സമർപ്പിക്കുവാൻ കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയ Moodle എന്ന ലേണിങ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായിട്ടാണ് "ലെറ്റ്സ് ഗോ ഡിജിറ്റൽ" പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും ഇതിന്റെ ഭാഗമാകുന്നതാണ്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ Moodle ഉപയോഗവുമായി ബന്ധപ്പെട്ട് ആയിരത്തിലധികം അദ്ധ്യാപകർക്ക് പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സ്ഥാപിക്കുന്ന കേന്ദ്രീകൃത എൽ.എം.എസ്.-ന്റെ ഭാഗമായി സ്ഥാപനതല എൽ.എം.എസ്സുകൾ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ തന്നെയാണ് സ്ഥാപിക്കുക. പദ്ധതിയുടെ മറ്റൊരു ഉപഘടകം "ബ്രിഡ്ജ് ദി ഡിവൈഡ്" ഡിജിറ്റൽ സമത്വം പരിഹരിക്കാനുദ്ദേശിച്ചുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം

102(2822) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖല മികവുറ്റതാക്കുന്നതിന്റെ ഭാഗമായി വിവിധ വൈജ്ഞാനിക മേഖലകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള കേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

സർവ്വകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങളായി ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉന്നതവിദ്യാഭ്യാസ മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി നിലവിലെ നിയമങ്ങൾ കാലോചിതമായി മാറ്റുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉന്നത വിദ്യാഭ്യാസ മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ഘട്ടങ്ങളിൽ നിയമങ്ങളിൽ കാലോചിതമായി മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) കരിക്കുലം, പരീക്ഷ, ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയിൽ എന്തെല്ലാം തരത്തിലുള്ള മാറ്റങ്ങളാണ് പരിഗണിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകളിൽ മാറ്റംവരുത്തുന്നതിനാവശ്യമായ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ് :

(i) നൂതന കോഴ്സുകൾ സംയോജിതവും ബഹുവൈജ്ഞാനിക രീതിയിലും ഉള്ളതാക്കുക.

(ii) ഓഫ്‌ലൈൻ-ഓൺലൈൻ സംയോജിത മാതൃക നടപ്പാക്കുക.

(iii) വിവിധ യൂണിവേഴ്സിറ്റികളിൽ പഠനം പൂർത്തിയാക്കാൻ കഴിയുന്ന അക്കാഡമിക് മൊബിലിറ്റിയുള്ള കോഴ്സുകൾ നടപ്പാക്കുക.

(iv) തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന കോഴ്സുകൾക്ക് പ്രാധാന്യം നൽകുക.

(v) ഗവേഷണ സ്ഥാപനങ്ങളുമായും വ്യവസായ സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിക്കാൻ കഴിയുന്ന കോഴ്സുകൾ നടപ്പാക്കുക.

(vi) വ്യവസായ രംഗത്ത് നിന്നുള്ള adjunct faculty-യെ കോഴ്സുകളിൽ ഉപയോഗിക്കുക

(I) എല്ലാവർക്കും ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ ബിരുദതല വിദ്യാഭ്യാസം Choice Based Credit Semester System (CBCSS) മാതൃകയിൽ സംസ്ഥാനത്ത് 2009-10 മുതൽ നടപ്പിലാക്കി തുടങ്ങി. ഇതിന് ചുവടുപിടിച്ച് കേരളത്തിലെ സർവ്വകലാശാലകൾ ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും പുനഃസംഘടിപ്പിച്ചു.

(II) ഡോ. ജെമ്മീസ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം ബിരുദ ബിരുദാനന്തര വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ. ഡി. ജെമ്മീസ് അദ്ധ്യക്ഷനായ വിദഗ്ദ്ധ സമിതി വിശദമായി റിപ്പോർട്ട് തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(III) സർവ്വകലാശാലകളിലെ പരീക്ഷാ പരിഷ്കരണം സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ. എൻ. ജെ. റാവു അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടും സർക്കാർ പരിശോധിച്ചുവരുന്നു. കേരള, മഹാത്മഗാന്ധി, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിലെ അഫിലിയേറ്റഡ് കോളേജുകളിലും കാലിക്കറ്റ്, മഹാത്മഗാന്ധി, കുസാറ്റ്, കേരള, കണ്ണൂർ, സംസ്കൃത സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയിൽ New Generation Inter Disciplinary സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ 2020-21 അക്കാദമിക് വർഷം ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ സമൂല പരിവർത്തനം ലക്ഷ്യമാക്കിക്കൊണ്ട് ഒരു ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനെ നിയോഗിക്കാനും ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കാനും പരീക്ഷാരീതി പരിഷ്കരിക്കുന്നതിനും വ്യത്യസ്ത കമ്മിറ്റികളെ നിയോഗിക്കാനും ഉദ്ദേശിക്കുന്നു.

**മലപ്പുറം ജില്ലയിൽ അക്കാദമിക് സിറ്റി**

103(2823) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അക്കാദമിക് സിറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിലെ നയം വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിൽ അക്കാദമിക് സിറ്റി ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) എങ്കിൽ വിദ്യാഭ്യാസപരമായി പിന്നാക്കാവസ്ഥയിലുള്ള മലപ്പുറം ജില്ലയിൽ ഒരു അക്കാദമിക് സിറ്റി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ബാധകമല്ല.

**ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിന് ബോണ്ട്**

104(2824) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിന് ബോണ്ട് ഏർപ്പെടുത്തിയത് ഏത് വർഷം മുതലാണെന്ന് അറിയിക്കുമോ?

2013 മുതൽ.

LIBRARY ARCHIVES Kerala Legislative Assembly